LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി സ്വന്തമായി ഒരു ഐ.ടി. ഡെവലപ്മെന്റ് ടീം ഉടൻ തന്നെ സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എ.പി.ജെ. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ടെക്നിക്കൽ സോഫ്റ്റ്വെയർ ഇന്റഗ്രേഷൻ മുഖേന അക്കാഡമിക് പരീക്ഷാ സംബന്ധമായ ജോലികൾ നടന്നുവരുന്നു. സർവ്വകലാശാലയുടെ പ്രവർത്തനം പൂർണമായും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ആയതിനാൽ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരെയും അനദ്ധ്യാപക ജീവനക്കാരെയും നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

സർവ്വകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം

144 (4532) ശ്രീ. സണ്ണി ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എം. വിൻസെന്റ്
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം നടപ്പിലാക്കുവാനായി സർവ്വകലാശാലകൾക്ക് നൽകുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

സർവ്വകലാശാലകൾക്ക് ഗ്രാന്റ് തീരുമാനിക്കുന്ന ഉന്നതാധികാര കമ്മിറ്റിയുടെ ശിപാർശപ്രകാരം സർവ്വകലാശാലകൾക്ക് 5 ശതമാനം മുതൽ 20 ശതമാനം വരെ വിവിധ നിരക്കിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്മേൽ നോൺപ്ലാൻ സാലറി/നോൺ പ്ലാൻ നോൺ സാലറി ഇനത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്. എന്നാൽ പെൻഷൻ ചെലവ് വഹിക്കുന്നതിന് സർക്കാർ ഗ്രാന്റ് നാളിതുവരെ അനുവദിച്ചിട്ടില്ല.

(ബി) ശമ്പളവും പെൻഷനും പരിഷ്കരിക്കുവാനായി വേണ്ടിവരുന്ന തുക സർവ്വകലാശാലകൾക്ക് ഫീസ് വർദ്ധനവിലൂടെ കണ്ടെത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

&

(സി) ഇതിനായുള്ള തുക എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിനായി വേണ്ടിവരുന്ന അധിക തുക നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് ഓരോ സർവ്വകലാശാലകളിലും മതിയായ ഫണ്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ഇക്കാര്യം പരിശോധിക്കുന്നതാണ്.